**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5323** **21-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതിയതായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കും, തീർഥാടന കേന്ദ്രങ്ങളിലേക്കും ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ നിലവിൽ ടൂർ ട്രിപ്പുകൾ ക്രമീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ, പ്രത്യേക ഉൽസവ സീസണിലും മറ്റും ബുക്കിംഗ് സ്വീകരിച്ച് ട്രിപ്പുകൾ നടത്തി വരുന്നു. കൂടാതെ, അന്തർ സംസ്ഥാന ട്രിപ്പുകളും നടത്തിവരുന്നു.<br><br>തിരുവന്തപുരം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ നെയ്യാർ ഡാം, കാപ്പുകാട്, പൊന്മുടി എന്നിവയെ ഉൾപ്പെടുത്തികൊണ്ടും, റോഡ്, ജലഗതാഗത മാർഗ്ഗങ്ങൾ കോർത്തിണക്കികൊണ്ടുമുള്ള പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ ചൊവ്വര ബീച്ച്, ആഴിമല, കോവളം, ശംഖുമുഖം, വേളി, വർക്കല തുടങ്ങിയ ബീച്ചുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്.<br><br>ഇതിനകം പ്രവർത്തനമാരംഭിച്ച വിതുര ടൂറിസം ഹബ്ബിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കെ.ടി.ഡി.സി.യുമായി സഹകരിച്ച് പൊൻമുടിയിൽ സ്റ്റേ സൗകര്യം ക്രമീകരിക്കുവാനുള്ള പ്രവർത്തനം നടന്നു വരുന്നു.<br><br>സ്വകാര്യ സംരംഭകരുമായി സഹകരിച്ച് പൂവാറിൽ ബി.റ്റി.സി. ബോട്ട് സർവീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ